"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല-പോരൂർ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.കെ പ്രേമാനന്ദനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.928/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/04/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03/08/2015 ലെ ഇ10-25785/2015 നമ്പർ പ്രാഥമിക അന്വേഷണ റിപ്പോർട്ട്

2 സർക്കാരിന്റെ 02/03/2016 തീയതിയിലെ 466/ഇപിബി3/ 2015 / തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ.കെ പ്രേമാനന്ദന്റെ 22/07/2016 തീയതിയിലെ എതിർവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 07/11/2018 തീയതിയിലെ ഡി4-17228/2016 ലെ അഭിപ്രായക്കുറിപ്പ്

ഉത്തരവ്

സർക്കാർ ഭൂമി കൈയ്യേറി അനധികൃത നിർമ്മാണം നടത്തിയത് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും അനധികൃത നിർമ്മാണത്തിന് കെട്ടിട നമ്പർ നൽകിയ പോരൂർ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.കെ പ്രേമാനന്ദനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും, അനധികതമായി കൈയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാൻ പോരൂർ വില്ലേജ് ഓഫീസർക്കും മേൽ കെട്ടിടത്തിന്റെ സെറ്റ് ബാക്ക് ഏരിയയിൽ നിർമ്മിച്ച സ്റ്റെയർ കെയ്സും ഒന്നാം നിലയിൽ നിർമ്മിച്ച സ്ലാബും പൊളിച്ചു മാറ്റുന്നതിന് പോരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ഉണ്ടായി. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോരൂർ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.കെ പ്രേമാനന്ദനെതിരെ പരാമർശം (2) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.

ശ്രീ.കെ പ്രേമാനന്ദനെതിരായി ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാൻ പരാമർശം (3) പ്രകാരം എതിർവാദ പത്രിക സമർപ്പിക്കുകയും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കുറ്റാരോപിതൻ എതിർവാദ പത്രികയിൽ

സൂചിപ്പിച്ചിട്ടുള്ള വസ്തുതകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മലപ്പുറം ജില്ലയിലെ ചെറുകോട് ടൗണിൽ സർക്കാർ ഭൂമി കൈയേറി നിർമ്മിച്ചതായി കുറ്റാരോപണ പത്രികയിൽ പരാമർശിക്കുന്ന കെട്ടിടം കേരളാ മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പഞ്ചായത്തിന് ബാധകമാവുന്ന 7/6/2007 ന് മുൻപ് നമ്പർ അനുവദിച്ചിട്ടുള്ളതാണെന്ന വസ്തുത വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരണ ഘട്ടത്തിൽ എത്തിയ അവസ്ഥയിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി തുക നഷ്ടമായിക്കൂടാ എന്ന സദുദ്ദേശത്തിലാണ് 2007-08 വർഷത്തിൽ നൽകിയ 5/378, 5/379 ന്റെ തുടർച്ചയായി 379 എ മുതൽ 379 ഐ വരെയുള്ള സപ്ലിമെന്ററി നമ്പരുകൾ നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് ടിയാൻ അറിയിച്ചിട്ടുണ്ട്.

തുടർന്ന് പഞ്ചായത്ത് ഡയറക്ടർ ചുവടെ കുറിക്കും പ്രകാരം അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് നമ്പർ അനുവദിക്കുന്ന സമയത്ത് തന്നെ കോണി അടക്കമുള്ള 3 നില കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയായിരുന്നുവെന്ന് പഞ്ചായത്തിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ബോധ്യപ്പെടുന്ന സാഹചര്യത്തിൽ 2007-08 വർഷം മുതൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ ഗ്രൗണ്ട് ഫ്ളോറിന് മാത്രം നമ്പർ നൽകി നികുതി ഈടാക്കി വന്ന കെട്ടിടത്തിന്റെ മുകൾ നിലകൾക്ക് വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നമ്പർ അനുവദിച്ച് നൽകിയിരുന്ന സ്ഥിതിയിൽ പഞ്ചായത്തിന്റെ നികുതി പണം നഷ്ടപ്പെട്ട് പോകുന്ന സാഹചര്യം ഒഴിവാക്കുക എന്നതിന് പ്രഥമ പരിഗണന നൽകിക്കൊണ്ട് എൽ.ഡി. ക്ലാർക്ക് മുഖാന്തരം പരിശോധന നടത്തി നികുതി നിർണ്ണയിച്ച് നൽകുകയാണ് ഉണ്ടായത് എന്ന സെക്രട്ടറിയുടെ എതിർവാദം പരിഗണിച്ച് ശ്രീ.കെ. പ്രേമചന്ദ്രനെതിരെ അനുഭാവപൂർണ്ണമായ നടപടി കൈക്കൊള്ളാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണ ചട്ടം ഭേദഗതി ചെയ്യുന്നതിന് മുൻപ് നിർമ്മിച്ചിട്ടുള്ളതും, കെട്ടിട നിർമ്മിതിയുടെ ഒരു ഘട്ടത്തിലും ഒരു തരത്തിലുമുള്ള ആക്ഷേപങ്ങളും ഉയർന്നിട്ടില്ല എന്ന് ഫയലുകൾ പ്രകാരം ബോധ്യപ്പെട്ടതും കെട്ടിടത്തിന്റെ കോണി അടക്കമുള്ള മുൻഭാഗത്തിന് നമ്പർ അനുവദിച്ച് നല്കിയിട്ടുള്ളതും ബാക്കിയുള്ള മുറികൾക്ക് 2011-ലെ വസ്തുനികുതി റിവിഷന്റെ ഭാഗമായി കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുള്ള മുറികൾക്ക് സർക്കാരിന് ലഭിക്കാനുള്ള നികുതിപ്പണം ഒരു കാരണവശാലും നഷ്ടപെടരുത് എന്നതിന് പ്രഥമ പരിഗണന നൽകിക്കൊണ്ട് നികുതി ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന കുറ്റാരോപിതന്റെ എതിർവാദം പരിഗണിച്ചും കൂടാതെ ശ്രീ.കെ. പ്രേമാനന്ദൻ 30/04/2021 ൽ സർവീസിൽ നിന്നും വിരമിക്കുന്ന വ്യക്തിയായതിനാലും ടിയാന്റെ എതിർവാദ പത്രിക വസ്തുതാപരമാണെന്നും ആയതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി അനുഭാവപൂർണ്ണമായി തീർപ്പാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും ശ്രീ. കെ. പ്രേമാനന്ദനെതിരെ ഗുരുതരമായ വീഴ്ചകളൊന്നും അന്വേഷണത്തിൽ വെളിവായിട്ടില്ല എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും, ടിയാനെതിരായ അച്ചടക്ക നടപടികൾക്ക് ആധാരമായ ആരോപണങ്ങൾ പൂർണ്ണമായും വസ്തുതാ വിരുദ്ധമാണ് എന്ന് തെളിയിക്കാൻ തക്ക തെളിവുകൾ ഹാജരാക്കിയിട്ടില്ല എന്നതുകൂടി പരിഗണിച്ച് പോരൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. പ്രേമാനന്ദനെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്ക നടപടി "ശാസന" എന്ന ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ വേണ്ട തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. കെ.പ്രേമാനന്ദൻ, മുൻ സെക്രട്ടറി, പോരൂർ ഗ്രാമപഞ്ചായത്ത്,മലപ്പുറം

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ 5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് (ഇ) വകുപ്പ് ( അനൗ. കുറിപ്പ് നം. VIG E4/43/2021 VIG പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/466/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.04.29 12:30:13 IST
Reason: Approved

സെക്ഷൻ ഓഫീസർ